LIBRARY ARCHIVES Kerala Legislative Assembly

റിട്ടേൺ സ്ക്രീനിനു ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പരിഷ്കരണപദ്ധതിയിൽ അതരവിളയിൽ നടപ്പിലാക്കി. സി.സി.ടി.വി. ക്യാമറ സംവിധാനം എല്ലാ അതിർത്തി ചെക്ക് പോസ്റ്റുകളിലും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വലിയ ട്രക്കുകൾ ഉൾപ്പെട്ട കൈമോശമായി കേസുകളും ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ). തൈപ്പൂണൽ എന്നിവയിൽ സ്റ്റേയിൽ കിടക്കുന്ന കേസുകളും അടിയന്തരമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന ചരക്കുകളുടെ നിശ്ചിതാശംങ്ങളും ആഡംബര നികുതി, കാർഷികേതര നികുതി, മണി ലെൻഡിംഗ് നിയമം എന്നിവയുടെ റിട്ടേണുകളും ഓൺലൈനാക്കിയിട്ടുണ്ട്. ഫ്രോഡ് നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിനായി ചെക്ക് പോസ്റ്റുകളുടെയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റെയും പ്രവർത്തനവും സൂക്ഷ്മ പരിശോധനയും ശക്തമാക്കുന്നുണ്ട്. കൂടാതെ, ചെക്പോസ്റ്റ് ബൈപാസ് എന്നിവയിലൂടെയുള്ള അനധികൃത ചരക്ക് വ്യാപാരം തടയുന്നതിന് ഈ മേഖലയിൽ പരിശോധന ശക്തമാക്കിയിട്ടുണ്ട്. കൂടാതെ നികുതി നിർണ്ണയ വ്യവസ്ഥ കാര്യക്ഷമമാക്കുന്നതിന് ഓഡിറ്റ് അസസ്മെന്റ് വിംഗ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

കൈത്തറി ഉൽപ്പന്നങ്ങളുടെ വാറ്റ് നികുതി ഒഴിവാക്കൽ

170 (3324) ശ്രീ. തോമസ് ജോസഫ് : താഴെ കൊടുത്ത ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ദേവസ്വംനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി തരുമോയെന്ന:

(എ) കൈത്തറി ഉൽപ്പന്നങ്ങൾക്ക് 14% വാറ്റ് നികുതി ഏർപ്പെടുത്തിയിരിക്കുന്നത് പിൻവലിക്കുന്ന കാര്യം പരിശോധിക്കുമോ ;

(ബി) ഇതു മൂലം കുത്തിലായ നെയ്ത്തുകാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ;

(സി) വാറ്റ് നികുതിയുടെ പേരിൽ വിൽപന നികുതി ഉദ്യോഗസ്ഥരുടെ അനാവശ്യ പരിശോധനയും പീഡനവും അവസാനിപ്പിക്കുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) കൈത്തറി ഉൽപ്പന്നങ്ങൾക്ക് എല്ലാ 14% നികുതി ചുമത്തിയിരിക്കുന്ന സാഹചര്യത്തിൽ മറ്റൊരു തരത്തിലുള്ള ഇളവ് നൽകാൻ നിലവിൽ കൈത്തറി ഉൽപ്പന്നങ്ങൾക്ക് 14% വാറ്റ് നികുതി ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് വളരെ കുറഞ്ഞ നികുതി നിരക്കാണ്. ഈ നികുതി ഉപഭോക്താവിൽ നിന്നും പിരിക്കാവുന്നതുമാണ്. നികുതി പിൻവലിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഈ കുറഞ്ഞ നികുതി നിരക്ക് ഉപഭോക്താവിൽ നിന്നും പിരിക്കാവുന്നതായതിനാൽ ഉല്പാദകർക്ക് ബുദ്ധിമുട്ടുണ്ടാകില്ല.

(സി) പ്രാരംഭഘട്ടത്തിൽ നികുതി വെട്ടിപ്പ് തെളിയുന്ന സാഹചര്യങ്ങളിൽ മാത്രമേ വാണിജ്യ നികുതി വകുപ്പ് ഉദ്യോഗസ്ഥർ കർശന പരിശോധന നടത്താറുള്ളൂ. പരിശോധന അനാവശ്യവും അന്യായവും ആയിരുന്നുവെന്ന് തെളിഞ്ഞാൽ അതിനെതിരെയുള്ള പിന്നീട് നടപടികൾ ഒഴിവാക്കാറുണ്ട്.

പാസഞ്ചർ വാഹനങ്ങളിലേയും ടെയിനുകളിലെയും അനധികൃത സാധനക്കടത്ത്

171 (3325) ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) പാസഞ്ചർ വാഹനങ്ങളിലും ടെയിനുകളിലും അനധികൃതമായി സാധനങ്ങൾ കടത്തുന്നത് തടയാൻ എന്തൊക്കെ കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്, വിശദമാക്കുമോ ;

(ബി) സാധനങ്ങൾ കടത്തുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ട് ;

(സി) അനധികൃതമായി സാധനങ്ങൾ കടത്തുന്നതിനെതിരെ കർശന നടപടിയെടുക്കാൻ വകുപ്പിനെ ശക്തിപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) ഇതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിനു പുറത്തുനിന്ന് പാസഞ്ചർ വാഹനങ്ങളിലും ട്രെയിനുകളിലും സാധനങ്ങൾ കൊണ്ടുവരുന്നവർ ഓൺലൈനിൽ ഫോം 8 എഫ്/8 എഫ് എന്നിവ വഴി വിശദാംശങ്ങൾ മുൻകൂറായി അറിയിച്ചിരിക്കണമെന്നാണ്. ഇങ്ങനെ ഡിക്ലയർ ചെയ്യാത്ത സാധനങ്ങൾ കൊണ്ടുവരുന്നവർ നിയമപ്രകാരം പിഴ ഈടാക്കുന്നുണ്ട്. തിരഞ്ഞെടുക്കപ്പെട്ട അനധികൃതമായി സാധനങ്ങൾ കടത്തി നികുതി വെട്ടിപ്പുനടത്തുന്നതു തടയുന്നതിനുവേണ്ടി തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ പാഴ്സൽ ചെക്ക് പോസ്റ്റും എറണാകുളം റെയിൽവേസ്റ്റേഷനിൽ ഒരു ഇന്റലിജൻസ് സെല്ലും പ്രവർത്തിച്ചുവരുന്നുണ്ട്. റോഡുവഴി മുതലായ അന്തർ

LIBRARY ARCHIVES Kerala Legislative Assembly